മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 ഏപ്രിൽ 15**

---

# ബിരുദ ഓണേഴ്സ് പ്രോഗ്രാമുകൾ; അധ്യാപകർക്കുള്ള പരിശീലനം തുടങ്ങി

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അടുത്ത അക്കാദമിക് വർഷം ബിരുദ ഓണേഴ്സ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിൻറെ ഭാഗമായി കോളജ് അധ്യാപകർക്കുള്ള മേഖലാതല പരിശീലനത്തിന് ഇന്നലെ(ഏപ്രിൽ 15) തുടക്കമായി. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്, അങ്കമാലി മോണിംഗ് സ്റ്റാർ ഹോം സയൻസ് കോളജ്, ക്രിസ്തുജ്യോതി കോളജ് ചങ്ങനാശേരി എന്നിവിടങ്ങളിൽ ഇന്നലെ പരിശീലനം നടന്നു.

ബിരുദ ഓണേഴ്സ് പ്രോഗ്രാമുകൾക്കായി കോളജുകൾ സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങളും ക്രമീകരണങ്ങളും വിശദമാക്കുന്ന പരിപാടി നാളെയും(ഏപ്രിൽ 17), 19നും സംഘടിപ്പിച്ചിട്ടുണ്ട്. ഒരു കോളജിൽനിന്ന് അഞ്ച് അധ്യാപകർ എന്ന കണക്കിൽ ആകെ 1200 പേർക്ക് പരിശീലനം നൽകും.

കോളജ് പ്രിൻസിപ്പൽമാർക്കും നോഡൽ ഓഫീസർമാർക്കുമുള്ള പരിശീലന പരിപാടി നേരത്തെ പൂർത്തിയായിരുന്നു. പുതിയ പ്രോഗ്രാമുകൾക്കായി കോളജുകളിൽ അക്കാദമിക് അഡ്വൈസറി കമ്മിറ്റി രൂപീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

ഓരോ കോളജുകളിലും പ്രിൻസിപ്പൽ, നോഡൽ ഓഫീസർ, പുതിയതായി പരിശീലനം ലഭിക്കുന്ന അഞ്ച് അധ്യാപകർ എന്നിവർ ചേർന്ന് മറ്റ് അധ്യാപകർക്ക് പരിശീലനം നൽകുമെന്ന് ബിരുദ ഓണേഴ്സ് പ്രോഗ്രാമുകളുടെ ചുമതലയുള്ള നിർവാഹക സമിതി അധ്യക്ഷനായ

സിൻഡിക്കേറ്റ് അംഗം ഡോ. ബിജു പുഷ്പൻ പറഞ്ഞു.

**ഫോട്ടോ ക്യാപ്ഷൻ:** ബിരുദ ഓണേഴ്സ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകളുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാല പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ അധ്യാപകർക്കായി സംഘടിപ്പിച്ച മേഖലാതല പരിശീലന പരിപാടി സിൻഡിക്കേറ്റ് അംഗം ഡോ. ബിജു പുഷ്പൻ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/286/2024)

## കലോത്സവം സർട്ടിഫിക്കറ്റ് വിതരണം 16 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലാ കലോത്സവത്തിലെ വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ഇന്ന്(ഏപ്രിൽ 16) ആരംഭിക്കും. കോളജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ വിജയികളുടെ പട്ടിക സമർപ്പിച്ച് സ്റ്റുഡൻറ്സ് സർവീസസ് ഡിപ്പാർട്ട്മെൻറിൽനിന്നും സർട്ടിഫിക്കറ്റുകൾ വാങ്ങാം.

(പി.ആർ.ഒ/39/287/2024)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.സി.ജെ, എം.എസ്.ഡബ്ല്യു, എം.ടി.എ, എം.ടി.ടി.എം, എം.എച്ച്.എം, എം.എം.എച്ച്(സിഎസ്എസ് - 2018 അഡ്മിഷൻ സപ്ലിമെൻററി, 2015,2016,2017 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾ മെയ് ആറിനു തുടങ്ങും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/288/2024)

## വൈവാ വോസി/ പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എൽഎൽഎം(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന

മെഴ്സി ചാൻസ് - മാർച്ച് 2024) പരീക്ഷയുടെ വൈവാ വോസി പരീക്ഷകൾ മെയ് രണ്ട്, മൂന്ന്, നാല്, ആറ് തീയതികളിൽ എറണാകുളം ഗവൺമെൻറ് ലോ കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.......................

ആറാം സെമസ്റ്റർ ബിഎസ്ഡബ്ല്യു(2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 22ന് തുടങ്ങും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.......................

ആറാം സെമസ്റ്റർ ബി.എസ്.സി സൈബർ ഫോറൻസിക്(സിബിസിഎസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 18 മുതൽ 23 വരെ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/289/2024)

## <u>പരീക്ഷാ ഫലം</u>

മൂന്ന്, നാല് സെമസ്റ്റർ എം.എ അറബിക് പ്രൈവറ്റ് രജിസ്ട്രേഷൻ(2021 അഡ്മിഷൻ റഗുലർ - ജൂലൈ 2023) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 27 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.......................

നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി ഫൈറ്റോമെഡിക്കൽ സയൻസ് ആൻറ് ടെക്നോളജി(പിജിസിഎസ്എസ് - 2022 അഡ്മിഷൻ റഗുലർ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 27 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.......................

നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി ആക്ച്ചൂരിയൽ സയൻസ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 29 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/290/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**